**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5244** **04-07-2024 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ടതാക്കാൻ എന്തെല്ലാം പദ്ധതികളാണ് പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (എ) | രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ടതാക്കാൻ താഴെ പറയുന്ന പദ്ധതികളാണ് പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>• ആധാര മാതൃകകൾക്ക് ഏകീകൃത രൂപം<br>• വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽ ആധാരങ്ങളിൽ പ്രിന്റ് ചെയ്തു ചേർക്കുന്നതിനുള്ള സംവിധാനം.<br>• കെട്ടിടങ്ങളുടെ വില നിർണ്ണയത്തിനായി പ്രത്യേക ഡിജിറ്റൽ സംവിധാനം<br>• ഏത് ആധാരവും സംസ്ഥാനത്തെ ഏത് ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.<br>• രജിസ്ട്രേഷനായി ആധാരം ഹാജരാക്കിയ ദിവസം തന്നെ നടപടികൾ പൂർത്തിയാക്കി മടക്കി നൽകുന്നതിനുള്ള നടപടിക്രമം.<br>• രജിസ്ട്രേഷൻ വകുപ്പിൽ ആധാര രജിസ്ട്രേഷനായി ഉപയോഗിക്കുന്ന PEARL (Package for Effective Administration of Registration Laws) എന്ന ഡിജിറ്റൽ സംവിധാനത്തെ റവന്യൂ - സർവ്വെ വകുപ്പുകളുമായി സംയോജിപ്പിച്ചു കൊണ്ട് എല്ലാ സേവനങ്ങൾക്കും ഒരു പോർട്ടൽ (എന്റെ ഭൂമി പോർട്ടൽ) എന്ന ആശയം നടപ്പിലാക്കുവാനും പദ്ധതിയിടുന്നു<br>• സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്നതോടു കൂടി കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ ഡിജിറ്റൽ സ്കെച്ച് ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള സംവിധാനം<br>• സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് പദ്ധതി<br>• ആധാരത്തിന്റെ സ്വഭാവം അനുസരിച്ചുള്ള ടെംപ്ലേറ്റ് (മാതൃക) ഉപയോഗിച്ച് ആധാരങ്ങൾ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിനുള്ള സൗകര്യം |

സെക്ഷൻ ഓഫീസർ